കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## ജില്ലാ ഓഡിറ്റ് കാര്യാലയം
## പാലക്കാട്


www.ksad.kerala.gov.in

ഇ-മെയിൽ – dopkd.ksad@kerala.gov.in


# വാണിയംകുളം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്
## 2018-19

നം..കെ.എസ്.എ-പികെഡി16/1338/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ കാര്യാലയം,

പാലക്കാട്

തിയതി – 25.11.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വാണിയംകുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം –
വാണിയംകുളം ഗ്രാമപഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാണിയംകുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം വാണിയംകുളം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി16/1338/2019 തീയതി – 25.11.2019

## പാലക്കാട് ജില്ലയിലെ വാണിയംകുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ വാണിയംകുളം ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22-11-2018മുതൽ 17-9-2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : എൻ. സതീശൻ, ഡെപ്യൂട്ടി ഡയറക്ടർ**

ഓഡിറ്റിന് വിനിയോഗിച്ച സമയം : 18-09-2019 മുതൽ 28-09-2019 വരെ

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കെ.ആർ.പ്രകാശ്ബാബു | ഓഡിറ്റ് ഓഫീസർ<br>(ഹയർ ഗ്രേഡ്) |
| | ശ്രീ.എ.ബി.സുരേഷ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.കെ.പി.രാമകൃഷ്ണൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എസ്.ഷഹീർ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.എം.പ്രിയ | 1-4-18 മുതൽ 31-03-19വരെ |
| സെക്രട്ടറി | ശ്രീമതി.വിജയമ്മ എൽ<br>ശ്രീമതി.കെ.പി.സുപ്രഭ<br>എ.കെ.വിനോദ് (അസി.സെക്രട്ടറി ഇൻ ചാർജ്) | 1-4-18മുതൽ 25-06-18 വരെ<br>26-06-18 മുതൽ 28-07-18 വരെ<br>29-07-18 മുതൽ 08-08-18 വരെ |
| | എസ്.ശിവപ്രസാദ് | 09-08-18 മുതൽ 31-3-19 വരെ |

<u>**നിർവ്വഹണ ഉദ്യോഗസ്ഥർ**</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | പി.പി.ശരത് മോഹൻ | 1-4-18 മുതൽ 31-3-19വരെ |
| വി.ഇ.ഒ | ശാലിനി എസ്.ആർ | 01-04-18 മുതൽ 31-3-19വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ബിന്ദു ടി | 1-4-17 മുതൽ 31-3-19 വരെ |
| അസി.എഞ്ചിനീയർ | പി.കെ.ബാലകൃഷ്ണൻ | 1-4-18 മുതൽ 20-6-18 വരെ |
| | സന്തോഷ് പി | 21-6-18 മുതൽ 24-12-18 വരെ |
| | അയിഷാബി കെ | 26-12-18മുതൽ 10-1-19 വരെ |
| | കെ.ആർ.വിഷ്ണു | 11-1-19 മുതൽ 31-3-19 വരെ |
| മെഡിക്കൽ ഓഫീസർ CHC | ഡോ.സുരേഷ്കുമാർ.പി. | 1-4-18 മുതൽ 22-8-18വരെ |
| | ഡോ.എം.എസ്.ലക്ഷ്മി | 23-8-18 മുതൽ 31-3-19 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.സിനി പി.എം | 1-4-18 മുതൽ 31-3-19 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.അനത്രൂപ് | 1-4-18 മുതൽ 27-10-18 വരെ |
| | ഡോ.വി. ജ്യോതിഷ് | 28-10-18 മുതൽ 31-3-19 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.ആർ. ഉഷ | 1-4-18 മുതൽ 31-03-19 വരെ |
| അസി.സെക്രട്ടറി | എ.കെ.വിനോദ് | 1-4-18 മുതൽ 31-3-19 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ടി.കെ.പ്രസന്ന | 1-4-18 മുതൽ 31-3-19 വരെ |
| ഹെഡ്മിസ്ട്രസ് | സി.യമുന | 1-4-18 മുതൽ 30-5-18 വരെ |
| | ജയകല എം | 1-6-18 മുതൽ 31-3-19 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം-1 | ഖണ്ഡിക നം. |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-11 |
| 12 | തൊഴിൽനികുതി – അപാകതകൾ പരിഹരിക്കേണ്ടതാണ് | 1-12 |
| 13 | സഞ്ചയ അസസ്മെന്റ് രജിസ്റ്ററിൽ ബി.എസ്.എൻ.എൽ. മൊബൈൽ ടവറുകളുടെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയത് പുന:പരിശോധിക്കേണ്ടതാണ് | 1-13 |
| 14 | ബി.എസ്.എൻ.എൽ. മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ് | 1-14 |
| 15 | റേഷൻ കടകൾ, ക്ഷീര സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് ലൈസൻസ് നൽകേണ്ടതാണ് | 1-15 |
| 16 | ഇ-ടെണ്ടർ ഫോറം വില ഇനത്തിൽ ലഭിച്ച | 1-16 |

| | | |
|---|---|---|
| | 2,45,191/- രൂപ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിക്ഷേപിച്ചിട്ടില്ല | |
| 17 | ചട്ട പ്രകാരമുള്ള സേവന ഉപനികുതി ഈടാക്കേണ്ടതാണ് | 1-17 |
| 18 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിന്റെ അടിസ്ഥാന വിവരങ്ങടങ്ങിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ് | 1-18 |
| 19 | കരാറുകാരന് പ്രവൃത്തിയുടെ തുക അനുവദിച്ചപ്പോൾ ടാർ ബാരലിന്റെ തുക ഈടാക്കിയിട്ടില്ല | 1-19 |
| 20 | ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-20 |
| 21 | വെറ്ററിനറി സർജ്ജൻ - പദ്ധതി നിർവ്വഹണ കാര്യക്ഷമമല്ല | 1-21 |
| 22 | ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കുന്നതിലെ അപാകതകൾ | 1-22 |
| 23 | അസാധാരണ ചെലവുകൾ - നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ് | 1-23 |
| 24 | കൃഷി ഭവനിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - സാധനങ്ങൾ നാളിതുവരെ ലഭ്യമായിട്ടില്ല | 1-24 |
| 25 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടവാക്കൽ - മീറ്ററിംഗ് സംവിധാനത്തിലേക്ക് മുഴുവനായി മാറേണ്ടതാണ് | 1-25 |
| 26 | തൊഴിൽരഹിത വേതനം - കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കാതെ ധനസഹായം നൽകി | 1-26 |
| 27 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-27 |
| 28 | ഹോംകോയിൽ നിന്നും മരുന്ന് ലഭിച്ചിട്ടില്ല - തുടർ നടപടി സ്വീകരിക്കേണ്ടതാണ് | 1-28 |
| 29 | തൊഴിലുറപ്പ് പദ്ധതി - വൈവിദ്ധ്യമാർന്ന പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ ശ്രമിക്കേണ്ടതാണ് | 1-29 |
| | **ഭാഗം-2**<br>**വരവ്- വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ**<br>പരാമർശങ്ങൾ ഒന്നുമില്ല | |
| | **ഭാഗം-3**<br>**ചെലവ് - വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ**<br>പരാമർശങ്ങൾ ഒന്നുമില്ല | |
| | **ഭാഗം - 4** | |

| | | |
|---|---|---|
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 30 | സംയുക്ത പ്രൊജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 31 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 33 | വായ്പ / വായ്പാ തിരിച്ചടവ് | 4-4 |
| 34 | സ്ഥിര നിക്ഷേപം | 4-5 |
| 35 | ഓഡിറ്റ് റിക്കവറി | 4-6 |
| 36 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 37 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| | വിവിധ പത്രികകൾ | അനുബന്ധം-2 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 28/03/2018 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. 16-2-19ലെ (3) നമ്പർ തീരുമാന പ്രകാരം വാർഷിക ബജറ്റ് പുതുക്കി അംഗീകാരം നേടിയിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 9-5-19 | ----- | ----- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 5-8-19 | കെ.എസ്.എ-പി.കെ.ഡി21 /997/2019(86) തി.26-8-19 |

# 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 20533191.78 |
| വരവ് | 123673564 |
| ആകെ | 144206755.78 |
| ചെലവ് | 89956020 |
| നീക്കിയിരിപ്പ് | 54250735.78 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 18156000 | 18156000 | 14307084 | 3848916 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 13895000 | 13895000 | 11836549 | 2058451 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഗ്രാന്റ് -റോഡ് (ACR പ്രകാരം) | | 0 | 12881000 | 12881000 | 8854372 | 4026628 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് (ACR പ്രകാരം) | | 0 | 3704000 | 3704000 | 2560470 | 1143530 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 8426000 | 8426000 | 8318433 | 107567 |
| ശുചിത്വ മിഷൻ ഗ്രാന്റ് | | 148113 | 5983 | 154096 | 0 | 154096 |
| ICDS | | 481963 | 536069 | 1018032 | 512700 | 505332 |
| സാക്ഷരത | | 1884 | 68 | 1952 | 0 | 1952 |
| വിമുക്തി | | 400 | 12500 | 12900 | 0 | 12900 |
| ദുരിതാശ്വാസ നിധി | | 1167183 | 45117 | 1212300 | 175000 | 1037300 |
| MGNREGS | തൊഴിലാളികളുടെ കൂലി | 0 | 23412847 | 23412847 | 23412847 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 9869 | 921609 | 931478 | 893075 | 38403 |
| | ബ്ലോക്ക് | 0 | 3101000 | 3101000 | 2701000 | 400000 |

| | | | | | | |
|---|---|---|---|---|---|---|
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | പഞ്ചായത്ത് | | | | | |
| | ജില്ലാ പഞ്ചായത്ത് | 0 | 1624051 | 1624051 | 1616551 | 7500 |
| ബി ഫണ്ട് | | 0 | 1194665 | 1194665 | 1194665 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ്<br>+ തനത് ഫണ്ട് (TSB) | | 718009 | 35647469 | 36365478 | 8861172 | 27504306 |
| തനത് ഫണ്ട് – ബാങ്ക് (SBI) | | 1137930.78 | 21199665 | 22337595.78 | 17412019 | 4925576.78 |
| തനത് ഫണ്ട്- SBI -current | | 0 | 20235681 | 20235681 | 20235681 | 0 |
| തനത് ഫണ്ട്- VSCB | | 17757354 | 19014956 | 36772310 | 17127277 | 19645033 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 303 | 161962302 | 173 | 67276197 | nil | 130 | 57 |

**നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ**

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 5985000 | 5692043 | 95 |
| വി.ഇ.ഒ | 9 | 7 | 45172312 | 17665555 | 39 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 10 | 6748272 | 4306272 | 64 |
| സെക്രട്ടറി | 32 | 13 | 23082699 | 3640959 | 16 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 222 | 120 | 71590729 | 29778903 | 41 |
| മെഡിക്കൽ ഓഫീസർ-PHC | 1 | 1 | 550000 | 550000 | 100 |
| മെഡിക്കൽ ഓഫീസർ-ISM | 5 | 5 | 975000 | 974190 | 99 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 400000 | 400000 | 100 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 1050000 | 700000 | 66 |
| അസി.സെക്രട്ടറി | 3 | 3 | 853790 | 792982 | 93 |
| വെറ്ററിനറി | 6 | 3 | 3504500 | 1174793 | 33 |

| | | | | | |
|---|---|---|---|---|---|
| സർജ്ജൻ | | | | | |
| ഹെഡ് മിസ്ട്രസ് | 6 | 4 | 2050000 | 1600500 | 78 |
| ആകെ | 303 | 173 | 161962302 | 67276197 | 42 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 9869 | 921609 | 931478 | 893075 | 38403 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 23412847 | 23412847 | 23412847 | 0 |
| ആകെ | 9869 | 24334456 | 24344325 | 24305922 | 38403 |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 202680 | 102 |
| കർഷക തൊഴിലാളി പെൻഷൻ | 8930000 | 722 |
| വിധവാ പെൻഷൻ | 15452800 | 1272 |
| വാർദ്ധക്യകാല പെൻഷൻ | 30094200 | 2486 |
| വികലാംഗപെൻഷൻ | 4854800 | 398 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 3575500 | 296 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-09-2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14977/-രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ കാര്യങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്. ഓരോ ഇടപാടും നടത്തുന്ന സമയത്തുതന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. ചെലവുകൾ ബജറ്റിനനുസരണമായി നിയന്ത്രിക്കുകയും റിവൈസ്ഡ് ബഡ്ജറ്റ് തയ്യാറാക്കി ഭരണസമിതി ചർച്ചചെയ്ത് പാസാക്കുകയും ചെയ്തിട്ടുണ്ട്. വാർഷിക കണക്കുകൾ സ്ഥാപനത്തിന്റെ ഇടപാടുകളേയും പ്രവർത്തനങ്ങളേയും കൃത്യമായി പ്രതിഫലിപ്പിക്കുന്നുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. മുഴുവൻ ആസ്തികളുടെയും മൂല്യം കണക്കാക്കി വിവരങ്ങൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

അക്കൗണ്ടിങ്ങ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ അക്കൗണ്ടിങ്ങ് രേഖകൾ തീപ്പിടുത്തം, കളവ്, പുറമേ നിന്നുള്ള ഇടപെടലുകൾ, വ്യാജരേഖ ചമക്കൽ എന്നിവയിൽ നിന്നും സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള മതിയായ ക്രമീകരണങ്ങൾ നടത്തിയിട്ടില്ല.

പണമിടപാട് നടത്തുന്ന എല്ലാ രേഖകളുടേയും ഡ്യൂപ്ലിക്കേറ്റ് സൂക്ഷിക്കുന്നുണ്ട്. രശീതികൾ പ്രീ നമ്പേർഡ് ആണ്. രശീതി, ചെക്ക് എന്നിവ ക്യാൻസൽ ചെയ്യുമ്പോൾ ഉന്നത അധികാരികൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ മാന്വലായ രശീതികൾ സ്ഥാപനത്തിൽ ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഉപയോഗിക്കാത്തവ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്.

സംസ്ഥാന - കേന്ദ്ര ഫണ്ടുകൾ കൈകാര്യം ചെയ്യുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർ പരിപാലിക്കുന്ന അക്കൗണ്ടുകളുടെ വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുന്നില്ല. മറ്റെല്ലാ അക്കൗണ്ടുകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുണ്ട്.

ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഓരോരുത്തർക്കും login, password ലഭ്യമാക്കി സുരക്ഷിതത്വം ഉറപ്പാക്കിയിട്ടുണ്ട്. ഒരാളുടെ പാസ്സ് വേർഡ്, ലോഗിൻ എന്നിവ മറ്റുള്ളവർ ഉപയോഗിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. തുക ബാങ്കിൽ അടവാക്കുന്നത്
തുക കളക്റ്റ് ചെയ്യുന്ന ആൾ അല്ല. ഓരോ ദിവസത്തെയും വരവ് തുക ക്യാഷിന്റെ ചുമതലയുള്ള സെക്ഷൻ

ക്ലാർക്കിനെ ഏൽപ്പിക്കുകയും തുകയുടെ കൃത്യത അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക്, സെക്രട്ടറി എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്. തുക തൊട്ടടുത്ത ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക് എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

ആയിരം രൂപക്ക് മുകളിലുള്ള തുകകൾ ചെക്കായിട്ടാണ് നൽകുന്നത്. എല്ലാ പേമെന്റുകൾക്കും കൈപ്പറ്റ് രശീതി വാങ്ങുന്നുണ്ട്. പേമെന്റ് വൗച്ചർ സെക്ഷൻ ക്ലാർക്ക് തയ്യാറാക്കി അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക് എന്നിവർ പരിശോധിച്ച ശേഷം സെക്രട്ടറിയും ചെക്കിൽ ഒപ്പ് വെക്കുന്നു. എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ഒറിജിനൽ ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകളിൽ സെക്രട്ടറി, പ്രസിഡണ്ട് ഇവർ ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 14.08.19 | 07/2019 | 16.09.19 | ഇല്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.9.2006 മുതൽ 6.10.2006 വരെ | 1997-98 മുതൽ 2005-06 വരെ | 15.11.2006 | ഇല്ല |

# 1-12 തൊഴിൽനികുതി – അപാകതകൾ പരിഹരിക്കേണ്ടതാണ്

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പാഞ്ചായത്തിന്റെ തൊഴിൽ നികതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

<u>1. ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജിവനക്കാരിൽ നിന്നും തെഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേര് | അപേക്ഷ പ്രകാരം സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം |
|---|---|---|---|
| 1 | കാവേരി ഇംപ്ലിമെന്റ്സ് പ്രൈ. ലിമിറ്റഡ് | പി. ദിവാകരൻ | 5 |
| 2 | ഉണ്ണി ഇൻഡസ്ട്രീസ് | ബാബു.കെ | 4 |
| 3 | സി.കെ. എഞ്ചിനീയറിംഗ് | സാജു | 5 |
| 4 | സി.കെ. ജനറൽ എഞ്ചിനീയറിംഗ് | സിറാജ് | 5 |
| 5 | ശ്രീകൃഷ്ണ മേച്ച് ഇൻഡസ്ട്രീസ് | മണികണ്ഠൻ.പി | 12 |

| | | | |
|---|---|---|---|
| 6 | അൽ സിനാൻ പ്ലാസ്റ്റിക്ക് ഗ്രിൻഡിംഗ് മിൽ | മുഹമ്മദ് അഷ്റഫ്.വി | 4 |
| 7 | ഇൻഡ്യൻ ബിൽഡിംഗ് മെറ്റീരിയൽസ് | ഹൈദ്രു | 4 |
| 8 | പോപ്പുലർ എഞ്ചിനീയറിംഗ് വർക്ക്സ് | ശങ്കരനാരായണൻ.ടി | 3 |
| 9 | രേഷ്മ ഇൻഡസ്ട്രീസ് | വി.പി.രാമചന്ദ്രൻ | 3 |
| 10 | രേഷ്മ അഗ്രികൾച്ചറൽ ഇംപ്ലിമെന്റ്സ് | കെ.ടി.ടോമിച്ചൻ | 3 |
| 11 | രശ്മി ഇംപ്ലിമെന്റ്സ് | എസ്.രാമചന്ദ്രൻ | 5 |
| 12 | കുമാർ ഇംപ്ലിമെന്റ്സ് | കെ.എൻ.കൃഷ്ണകുമാർ | 4 |
| 13 | കൃഷ്ണ കട്‌ലറി വർക്ക്സ് | കെ.സുനിൽ കുമാർ | 7 |
| 14 | വ്യാസ ഡിസൈനേഴ്സ് ടൈൽസ് | രഘുനാഥൻ.കെ.പി | 7 |
| 15 | ഇ.പി.ബ്രദർ സ്പ്‌ലിന്റ് ഫാക്ടറി | ഇ.പി.രാജ്കുമാർ | 7 |
| 16 | പ്രകാശ് മാച്ച് ഇൻഡസ്ട്രീസ് | പ്രകാശ്കുമാർ.പി | 24 |
| 17 | കാർത്തിക സിമെന്റ് പ്രൊഡക്ട്സ് | ടി.കേശവൻ | 3 |
| 18 | ചീരൻസ് ഓട്ടോ ഏജൻസീസ് | ജെയിംസ് വി ചീരൻ | 4 |
| 19 | അറ്റ്‌ലാൻഡിസ് ട്രേഡിംഗ് കമ്പനി | മധു.കെ.പി | 3 |
| 20 | ക്വാളിറ്റി എഞ്ചിനീയറിംഗ് വർക്ക്സ് | രഞ്ജിത്ത്.കെ.പി | 3 |
| 21 | പ്ലാസ ഫുഡ്സ് | പി.പി.രഹിയാന | 4 |
| 22 | നീതി മെഡിക്കൽ സ്റ്റോർ | സെക്രട്ടറി, വാണിയംകുളം സർവ്വീസ് കോ.ബാങ്ക് | 4 |
| 23 | അനക്സ് ഇഡസ്ട്രീസ് | കെ.കൃഷ്ണൻ കുട്ടി | 5 |
| 24 | കെ.എം.സ്റ്റോർസ് | കെ.ബഷീർ | 4 |
| 25 | സി.എം.സ്റ്റോർ | കദീജ.ടി | 4 |
| 26 | കെ.എം.സ്റ്റോർ | കെ.മൊയ്തുപ്പ | 9 |
| 27 | കെ.എം.ടഡേർസ് | കെ.മൊയ്തുപ്പ | 7 |
| 28 | കെ.എം.ഹൈപ്പർ മാർക്കറ്റ് | മുഹമ്മദ് റഫീക്ക്.കെ | 10 |
| 29 | എവർ ഷാർപ്പ് കട്‌ലറി | രവീന്ദ്രൻ.കെ | 4 |
| 30 | ദേവികൃപ ഭാരത് ഗ്രാസ് ഏജൻസീസ് (ഗോഡൗൺ) | സുശീല.എം.സി | 7 |
| 31 | ദേവികൃപ ഭാരത് ഗ്രാസ് ഏജൻസീസ് (ഓഫീസ്) | സുശീല.എം.സി | 3 |
| 32 | ഉഷസ് | ഡോ. പി.എം.അശോക് | 3 |

| | | | |
|---|---|---|---|
| | ആയുർവ്വേദിക്സ് | കുമാർ | |
| 33 | അമൃത എഞ്ചിനീയറിംഗ് വർക്ക്സ് | മണികണ്ഠൻ.കെ | 3 |
| 34 | എച്ച്.എച്ച്.റീട്ടേൽ ഷോപ്പ് | റഫീക്ക്.കെ | 4 |
| 35 | കൃഷ്ണ മെഡിക്കൽസ് | ജയശ്രീ.കെ | 4 |
| 36 | വർദ്ധക എഞ്ചിനീയറിംഗ് | ശാന്ത.പി | 6 |
| 37 | അനഘ ഇൻഡസ്ട്രീസ് | പ്രതീഷ് കുമാർ | 3 |
| 38 | ഭാരതി ഇംപ്ലിമെൻസ് | കെ.കൃഷ്ണൻകുട്ടി | 4 |
| 39 | മംഗള ഓട്ടോമൊബൈൽസ് | സന്തോഷ് കുമാർ.ടി.കെ | 3 |
| 40 | കേരള ആഗ്രോ ഫുഡ്സ് | സിന്ധു.പി | 12 |
| 41 | ശബരി ഫുഡ് പ്രോക്ട്സ് | സുഗന്ധി | 4 |
| 42 | മോഡേൺ വുഡ് ഇൻഡസ്ട്രീസ് | മുഹമ്മദ് അഷറഫ് | 4 |
| 43 | സിറ്റിസൺ ഇംപ്ലിമെന്റ്സ് | ഗോപ.ടി.സി | 3 |
| 44 | പി.കെ.ദാസ് ഫാർമസി | അഡ്വ.ഡോ.പി. കൃഷ്ണദാസ് | 12 |
| 45 | സൂര്യ റസ്റ്റോറന്റ് & സൂപ്പർ മാർക്കറ്റ് | മുരളീധരൻ.കെ | 3 |
| 46 | സന്തോഷ് സോ മിൽ | സന്തോഷ്.സി | 8 |
| 47 | വളുവനാട് ബോൺ പ്രൊഡക്ട്സ് | കെ.കൃഷ്ണകുമാർ | 3 |
| 48 | എൻറിച്ച് ഫെർട്ടിലൈസേഴ്സ് & കെമിക്കൽസ് | കെ.കൃഷ്ണകുമാർ | 3 |
| 49 | റോയൽ കാറ്ററിംഗ് | അബ്ദുൾ അനീസ്.പി.വി | 10 |
| 50 | എസ്.എം.എൽ. മോട്ടോഴ്സ് | സി.സി.വില്യം വർഗ്ഗീസ് | 9 |
| 51 | പ്രകാശ് ഓട്ടോമൊബൈൽസ് | ശിവപ്രകാശൻ.കെ | 3 |
| 52 | ശ്രീകൃഷ്ണ കട്ലറി വർക്ക്സ് | മണികണ്ഠൻ.കെ | 5 |
| 53 | ഇഷ്ടിക നിർമ്മാണം | ഹാഷിം.വി.എ | 20 |
| 54 | കൈരളി ട്രേഡേസ് | അനന്ദൻ.പി | 4 |
| 55 | പ്രസ്റ്റീജ് പ്ല സെൻറ്റർ | നസീമ | 8 |
| 56 | ഹോട്ട് വീൽസ് | മഹേഷ് കാന്തർ | 5 |
| 57 | ബോവിഡേ ഫാം പ്രൊഡക്ട്സ് പ്രൈ. ലിമിറ്റഡ് | സജി സെബാസ്റ്റ്യൻ | 6 |
| 58 | പി.കെ.ദാസ് ഹോസ്പിറ്റൽ കാൻറ്റീൻ | ഹസ്സൻ.എ | 9 |

| | | | |
|---|---|---|---|
| 59 | സമോവർ റസ്റ്റോറന്റ് & ബേക്കറി | സുരേഷ് ബാബു.കെ | 7 |
| 60 | സദാ രോഹിത് ഇൻഡസ്ട്രീസ് | പി.പി.രാധാകൃഷ്ണൻ | 4 |
| 61 | കുനത്തറ ക്ഷീരോൽപാദക സഹകരണ സംഘം | സെക്രട്ടറി | 3 |
| 62 | രാഗം റെഡിമെയ്ഡ് ഗാർമെന്റ്സ് | പൗലോസ്.എം.എസ് | 6 |
| 63 | അനന്ദു കോൺക്രീറ്റ് ബിൽഡിംഗ് പ്രൊഡക്ട്സ് | ദീപ.ഇ.കെ | 5 |
| 64 | ശ്രീലക്ഷ്മി അലുമിനിയം ഇൻഡസ്ട്രീസ് | പി.കെ.ജയകൃഷ്ണൻ | 9 |
| 65 | അനുഗ്രഹ അലുമിനിയം ക്രാഫ്റ്റ്സ് | പി.പി.നാരായണൻ | 12 |
| 66 | ന്യൂ ഇൻഡ്യ ഇലക്ട്രിക്കൽസ് | അമീൻ അബ്ദുൾ സലാം | 5 |
| 67 | അരുൺഷാജ് എഞ്ചിനീയറിംഗ് വർക്ക്സ് | ശശിധരൻ.എ | 4 |
| 68 | വിഷ്ണു ഫർണീച്ചർ വർക്ക്സ് | ബിന്ദു.പി | 5 |
| 69 | ശ്രീലക്ഷ്മി കമ്പനി | ബാലസുബ്രഹ്മണ്യൻ | 4 |
| 70 | ഭാരത് കെ സി എഞ്ചിനീയറിംഗ് | രാജേഷ്.ബി | 4 |
| 71 | കൃഷ്ണ സിമെന്റ് പ്രൊഡക്ട്സ് | ദേവയാനി | 9 |
| 72 | സ്റ്റാർ മെഡിക്കൽസ് & സ്റ്റാർ ഹെൽത്ത് കെയർ പോളി ക്ലിനിക്ക് | മുസ്തഫ.പി | 3 |
| 73 | റോമോസ് വെഡ്ഡിംഗ് സെന്റർ | അബൂബക്കർ സിദ്ധിഖ് | 4 |
| 74 | ശ്രീറാം ഹോളോബ്രിക്ക്സ് | ശോഭ.പി | 4 |
| 75 | റോക്ക്ഷെൽ ഗ്രാനൈറ്റ്സ് & സാന്റ് പ്രൈ. ലിമിറ്റഡ് | ടോണി നിർമ്മൽ | 4 |
| 76 | മലബാർ ഗ്രാനൈറ്റ്സ് | ടോണി നിർമ്മൽ | 5 |
| 77 | മലബാർ ഗ്രാനൈറ്റ്സ് മെറ്റൽസ് (മൂന്ന് എണ്ണം) | ടി.എം.തോമസ് | 17 |
| 78 | കൽപക മെറ്റൽ ക്രഷേഴ്സ് | സി.കെ.കുഞ്ഞിപോക്കർ | 7 |
| 79 | ജെ.എം.സി. ഗ്രാനൈറ്റ്സ് | വി.കെ.ജനാർദ്ദനൻ നായർ | 4 |
| 80 | ട്രൈവിൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് | സുരേന്ദ്രൻ.പി | 5 |

| | | | |
|---|---|---|---|
| | വിന്നേഴ്സ് | | |
| 81 | വരരുചി ഇൻസ്റ്റിറ്റ്യൂട്ട് | ദേവിപ്രസാദ്.പി | 6 |

പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുന്നതിന് യോഗ്യമായ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുവാനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | കെ.എസ്.ഇ.ബി., വാണിയംകുളം |
| 2 | ബി.എസ്.എൻ.എൽ., വാണിയംകുളം |
| 3 | സതേൺ റെയിൽവെ, മാന്നനൂർ |
| 4 | സിൻഡിക്കേറ്റ് ബാങ്ക്, വാണിയംകുളം |
| 5 | എസ്.എം.എൽ. ഫിനാൻസ് ലിമിറ്റഡ്, വാണിയംകുളം |
| 6 | പി.എൻ.വൈ. സഭാ ഫിനാൻസ് ലിമിറ്റഡ്, വാണിയംകുളം |

3. റേഷൻ കടകൾ, ക്ഷീര സഹകരണ സംഘങ്ങൾ എന്നിവയിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ നടത്തിപ്പുകാർ, ക്ഷീര സഹകരണ സംഘങ്ങളിലെ ജീവനക്കാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കുവാനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-13 സഞ്ജയ അസസ്മെന്റ് രജിസ്റ്ററിൽ ബി.എസ്.എൻ.എൽ. മൊബൈൽ ടവറുകളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയത് പുനപരിശോധിക്കേണ്ടതാണ്

19.09.2012 ലെ ജി.ഓ.(ആർ.ടി) നം.2640/12/തസ്വഭവ പ്രകാരം ബി.എസ്.എൻ.എൽ മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നതിന് ഉത്തരവായിട്ടുണ്ട്. എന്നാൽ സഞ്ജയ അസസ്മെന്റ് രജിസ്റ്റർ പ്രകാരം പഞ്ചായത്ത് പരിധിയിൽ വരുന്ന ബി.എസ്.എൻ.എൽ. മൊബൈൽ ടവറുകളെ (കെട്ടിട നം.9/370, 10/354) നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി നികുതിയിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു. ആയത് പുനപരിശോധിച്ച് സഞ്ജയ അസസ്മെന്റ് രജിസ്റ്ററിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുവാനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-14 ബി.എസ്.എൻ.എൽ. മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

പഞ്ചായത്ത് പരിധിയിലുള്ള ബി.എസ്.എൻ.എൽ. മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക നാളിതുവരെ ഈടാക്കിയിട്ടില്ല. ആയത് ഈടാക്കുവാനുള്ള മേൽ നടപടികൾ സ്വീകരിച്ച് തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നം. | വാർഡ്, കെട്ടിട നം. | ടവറിന്റെ പേര് | നിർണ്ണയിച്ച വസ്തുനികുതി | തൻവർഷ ഡിമാന്റ് (2018-19) | കുടിശ്ശിക ഉൾപ്പടെ ആകെ ഡിമാന്റ് | 2018-19ൽ പിരിച്ചെടുത്ത തുക | ബാക്കി |
|---|---|---|---|---|---|---|---|
| 1 | 9/370 | ബി.എസ്.എൻ.എൽ. | 15500 | 15500 | 73500 | - | 73500 +PI |
| 2 | 10/354 | ബി.എസ്.എൻ.എൽ. | 4200 | 4200 | 29698 | - | 29698 +PI |

# 1-15 റേഷൻ കടകൾ, ക്ഷീര സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് ലൈസൻസ് നൽക്കേണ്ടതാണ്

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 132 പ്രകാരം പാൽ ഉൽപന്നങ്ങളുടെ സംഭരണം, വിൽപന ക്രമ നം. 149 പ്രകാരം റേഷൻ കടകൾക്കും ലൈസൻസ് ആവശ്യമാണ്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള ക്ഷീര സഹകരണ സംഘങ്ങൾക്കും റേഷൻ കടകൾക്കും പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. ആയതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ ക്ഷീര സഹകരണ സംഘങ്ങൾക്കും റേഷൻ കടകൾക്കും പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-16 ഇ-ടെന്ററർ ഫോറം വില ഇനത്തിൽ ലഭിച്ച 245191.00 രൂപ പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിക്ഷേപിച്ചിട്ടില്ല

വിവിധ വർഷങ്ങളിലായി പഞ്ചായത്തിൽ നിന്നും ഇ-ടെന്റർ നടത്തിയ വകയിൽ പഞ്ചായത്തിനു ലഭിക്കേണ്ട ടെന്റർ ഫോറം വില അതാത് പഞ്ചായത്തുകൾക്ക് ലഭിക്കേണ്ടതിനുപകരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിച്ചു വന്നിരുന്നത്. ഇക്കാര്യം ജില്ലാ പഞ്ചായത്തിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചതിനെ തുടർന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും അസി.എഞ്ചിനീയറുടെ 37285399436-SBI വാണിയംകുളം എന്ന അക്കൗണ്ടിൽ നിക്ഷേപിക്കുകയും 245191.00 രൂപ നീക്കിയിരിപ്പായി അവശേഷിക്കുകയും ചെയ്യുന്നുണ്ട്. ഈ തുക ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നാളിതുവരെ നിക്ഷേപിച്ചിട്ടില്ല. ആയത് ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-17 ചട്ട പ്രകാരമുള്ള സേവന ഉപനികുതി ഈടാക്കേണ്ടതാണ്

2011ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 പ്രകാരം ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ വാണിയംകുളം ഗ്രാമപഞ്ചായത്തിൽ പ്രസ്തുത സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കുന്നില്ല. ആയത് ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിലേയ്ക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

# 1-18 പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിന്റെ

## അടിസ്ഥാന വിവരങ്ങളടങ്ങിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്

പഞ്ചായത്തിലെ വാടക രജിസ്റ്റർ പ്രകാരം പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ 30 മുറികൾ വാടകയ്ക്ക് നൽക്കിയിട്ടുണ്ട്. എന്നാൽ ടി കെട്ടിടത്തിന്റെ നിർമ്മാണം, പൂർത്തീകരണം, പ്ലാനുകൾ, പരിപാലനം മുതലായവയുടെ വിവരങ്ങളൊന്നും പഞ്ചായത്തിൽ നിലവിൽ ലഭ്യമല്ല. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിന് 15 വർഷത്തിന് മുകളിൽ കാലപ്പഴക്കമുണ്ട്. ആയതിനാൽ കെട്ടിടങ്ങളുടെ പരിപാലനം സമയബന്ധിതമായി പൂർത്തീകരിക്കാൻ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളുടെ അടിസ്ഥാന വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 കരാറുകാരന് പ്രവൃത്തിയുടെ തുക അനുവദിച്ചപ്പോൾ ടാർ ബാരലിന്റെ തുക ഈടാക്കിയിട്ടില്ല

2018-19ൽ പൂർത്തീകരിച്ചിട്ടുള്ള റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാരാണ് ബിറ്റുമിൻ വാങ്ങിയിരിക്കുന്നത്. പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (with packed bitumin rates) ഇവയുടെ ഫൈനൽ ബില്ലുകളിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനുശേഷമാണ് കരാറുകാർക്ക് തുക നൽകേണ്ടത്. എന്നാൽ ബിറ്റുമിൻ ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത്. ഈ പ്രവൃത്തികളുടെ അളവു പുസ്തകങ്ങളിൽ ബിറ്റുമിൻ adequacy കണക്കാക്കി നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 250/-രൂപ നിരക്കിൽ ബാരലിന്റെ വില 28750 /-രൂപ കരാറുകാരിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

| ക്രമ നം. | പ്രവൃത്തി/ കരാറുകാരൻ | ബിൽ നം, തുക, അളവുപുസ്തകം | ആവശ്യമായ ബിറ്റുമിൻ(kg) (as per adequacy) - ബാരലിന്റെ എണ്ണം | ബാരലിന്റെ വില @ 250/- |
|---|---|---|---|---|
| 1 | മനപ്പടി അയ്യപ്പൻകാവ് റോഡ് മെറ്റലിംങ്, ടിറിംങ് (223/19)<br>പി.എ.ഷാഹിദ് | 31/16-11-18 -443553 301/17-18 | SS1-803.25/181.8<br>=4.41<br>RS1-259.87/200<br>=1.29<br>VG30-1993.95/161.8<br>=12.32 | 18x250=4500 |
| 2 | മനിശ്ശേരിസ്കൂൾ-ആശാരിക്കോളനി റോഡ് ടാറിംങ് (258/19)<br>പി.എ.ഷാഹിദ് | 32/03-7-18<br>481441<br>302/17-18 | SS1-828.75/181.8 =4.55<br>RS1-268.12/200 =1.34<br>VG30-2057.28/161.8<br>=12.71 | 19x250=4750 |
| 3 | കുനത്തറ-വെസ്റ്റ് പോണാട് റോഡ് സോളിംങ്,മെറ്റലിംങ്, ടാറിംങ് (285/19)<br>രാജേഷ് വി | 36/17-7-18 300000/-<br>174/18-19 | SS1-233.32/181.8<br>=1.28<br>RS1-75.48/200<br>=.37<br>VG30-579.19/161.8 3.57 | 5x250=1250 |
| 4 | കല്ലൻമാർതൊടി<br>റോഡ്<br>മെറ്റലിംങ്,ടാറിംങ്<br>(261/19)<br>ഗംഗാധരൻ | 89/1-3-19<br>298918<br>292/18-19 | SS1-<br>344.45/181.8<br>=1.89<br>RS1-<br>111.44/200=.55<br>VG30-<br>855.04/161.8<br>=5.28 | 8x250=2000 |

| | | | | |
|---|---|---|---|---|
| 5 | കുതിരാങ്കുഴി-പുത്തരി പ്പാടം റോഡ് മെറ്റലിംങ്, ടാറിംങ് (227/19)<br><br>ഗംഗാധരൻ | 83/25-2-19<br><br>199985<br><br>242/18-19 | SS1-306.85/181.8<br><br>=1.68<br><br>RS1-99.27/200<br><br>= .49<br><br>VG30-761.71/161.8<br><br>=4.70 | 7x250=1750 |
| 6 | തേക്കിൻകൂട്ടം റോഡ് മെറ്റലിംങ് ടാ റിംങ് (52/19)<br><br>പി.എ.ഷാഹിദ് | 107/23-3-19<br><br>479104<br><br>177/18-19 | SS1-675.75/181.8<br><br>=3.71<br><br>RS1-218.62/200<br><br>= 1.09<br><br>VG30-1677.45/161.8<br><br>=10.36 | 15x250=3750 |
| 7 | നായാടിക്കോളനി റോഡ് മെറ്റലിംങ്,ടാറിംങ് (67/19)<br><br>പി.രാജേഷ് | 34/17-7-18<br><br>398932<br><br>181/17-18 | SS1-731.85/181.8<br><br>=4.02<br><br>RS1-198/200<br><br>= .99<br><br>VG30-1816.71/161.8<br><br>=6.23 | 11x250=2750 |
| 8 | കോതയൂർ കോളനിയിൽ റോഡ് റീ-ടാറിംങ് (62/19)<br><br>വി.രാജേഷ് | 96/23-3-19<br><br>217589<br><br>179/18-19 | RS1-179.10/<br><br>= .89<br><br>VG30-1820.66/156<br><br>=11.67 | 13x250=3250 |
| 9 | മലന്തേക്കോട് റോഡ് മെറ്റലിംങ്, ടാറിംങ് (72/19)<br><br>മുഹമ്മദ് മുസ്തഫ | 100/23-3-19<br><br>470532<br><br>183/18-19 | SS1-637.50/181.8<br><br>=3.50<br><br>RS1-263.62/200 =1.31<br><br>VG30-2166.75/156<br><br>= 13.88 | 19x250=4750 |
| | | | ആകെ | 28750/- |

## 1-20 ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള സത്വര

# നടപടികൾ സ്വീകരിക്കേണ്ടതാണ്

സംസ്ഥാനത്തെ എല്ലാ ഭവന രഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) യുടെ ലക്ഷ്യം. ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ, ഭവന നിർമ്മാണം പൂർത്തിയാക്കാത്തവർ/വാസയോഗ്യമല്ലാത്ത ഭവനം ഉള്ളവർ, പുറമ്പോക്കിലോ, തീരദേശ മേഖലയിലോ, തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കികൊണ്ടിരിക്കുന്ന ഭവന പദ്ധതികൾ സംയോജിപ്പിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.

സ.ഉ (എം.എസ്)നം.151/2017/തസ്വഭവ തിയതി 31-7-2017 പ്രകാരം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്.

ലൈഫ് മിഷന്റെ ഭാഗമായി വാണിയംകുളം ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ലൈഫ് മിഷൻ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണം മാർഗ്ഗരേഖകൾക്ക് അനുസൃതമാണോ എന്ന് വിലയിരുത്തിയതിന്മേലുള്ള കണ്ടെത്തലുകളും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

<u>ഒന്നാം ഘട്ടം</u>

ഒന്നാം ഘട്ട പ്രവർത്തനങ്ങൾ 2017-18 വർഷത്തിൽ ആരംഭിക്കുകയും 2018-19 ൽ പൂർത്തീകരിച്ചിട്ടുമുണ്ട്. വിവിധ പദ്ധതികൾ പ്രകാരം ആരംഭിച്ചതും അപൂർണ്ണമായി നിലനിന്നിരുന്നതുമായ ഒരു ഭവനത്തിന്റെ പൂർത്തീകരണമാണ് ഒന്നാം ഘട്ടത്തിൽ ഏറ്റെടുത്ത് നടപ്പാക്കിയത്.

<u>രണ്ടാം ഘട്ടം-2018-19 വർഷത്തെ ലക്ഷ്യം</u>

സ.ഉ (കൈ) നം. 34/2018/തസ്വഭവ തിയതി 16-3-2018 പ്രകാരം 2018-19 വർഷത്തെ ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

ലൈഫ് മിഷന്റെ രണ്ടാമത് ഘടകമാണ് വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണം. അംഗീകൃത ഗുണഭോക്തൃ പട്ടികയിലുള്ള **സ്വന്തമായി ഭൂമിയുള്ള എല്ലാ ഭവനരഹിതർക്കും** 2018-19 വർഷത്തിൽ തന്നെ ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്.

ഭവനങ്ങളുടെ വിസ്തീർണ്ണം 400 ച.അടി +/- 5% (പരമാവധി 420 ച.അടി) ആയിരിക്കേണ്ടതാണ്.സർക്കുലർ നം 235/ ഡി ബി 1201/9 തസ്വഭവ തീ 16.07.2019 പ്രകാരം 600 ച.അടി വരെ വിസ്തീർണ്ണത്തിൽ വീട് പൂർത്തീകരിച്ചവർക്ക് അവസാന ഗഡു നൽകാവുന്നതാണ്.

<u>യൂണിറ്റ് നിരക്ക്</u>

4 ലക്ഷം രൂപയാണ് ഭവന നിർമ്മാണത്തിനായുള്ള ധനസഹായം. പട്ടികവർഗ്ഗ സങ്കേതങ്ങളിലെ ഗുണഭോക്താക്കൾക്ക് 6 ലക്ഷം രൂപയും ആവശ്യമെങ്കിൽ 20% തുക അധികമായും അനുവദിക്കാവുന്നതാണ്. ജനറൽ, പട്ടികജാതി വിഭാഗക്കാർക്ക് 4 ഗഡുക്കളായും പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 5 ഗഡുക്കളായും തുക അനുവദിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഒന്നാം ഗഡു വിതരണം ചെയ്തതു മുതൽ 6 മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

2018-19 വർഷത്തിൽ വാണിയംകുളം ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി നടത്തിപ്പിന്റെ പുരോഗതി വിവരം താഴെ ചേർക്കുന്നു.

<u>2018-19 വർഷത്തിൽ ആവിഷ്കരിച്ച പദ്ധതികൾ</u>

അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ജനറൽ വിഭാഗത്തിൽ 85 ഉം എസ്.സി വിഭാഗത്തിൽ 16 ഉം ഗുണഭോക്താക്കളായുള്ളത്. ആയതിൽ ആകെ 59 പേരാണ് തൻവർഷം എഗ്രിമെന്റ് വെച്ചിട്ടുള്ളത്. ഒരു

ഗുണഭോക്താവിന് 400000/- രൂപയാണ് പദ്ധതി പ്രകാരം വകയിരുത്തിയിട്ടുള്ളത്.

ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് വ്യക്തിഗത ഭവനങ്ങൾ നിർമ്മിക്കുന്നതിനായി തൻ വർഷം ആവിഷ്കരിച്ച 2 പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

**a) ലൈഫ് മിഷൻ ഭവന പദ്ധതി - ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം (20/19)-ജനറൽ**

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട് | 3631200 | 3631200 |
| ബ്ലോക്ക് പഞ്ചായത്ത് | 6000000 | 1200000 |
| ജില്ലാ പഞ്ചായത്ത് | 4000000 | 395551 |
| മറ്റിനം(വായ്പ) | 24000000 | 8300000 |
| തനതുഫണ്ട് | 368800 | 322937 |
| ആകെ | 38000000 | 13849688 |

വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| ഗഡു | ഗുണഭോക്താക്കളുടെ എണ്ണം | ഗഡു സംഖ്യ | ആകെ |
|---|---|---|---|
| I | 53 | 40000 | 2120000 |
| II | 53 | 160000 | 8480000 |
| III | 39 | 60000*18<br>100000*21 | 1080000<br>2100000 |
| IV | - | | |
| PhaseI | 1 | 69488 | 69488 |
| ആകെ | | | 13849688 |

ജനറൽ വിഭാഗത്തിലെ 53 പേരിൽ 45 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

**b) പദ്ധതി - ലൈഫ് മിഷൻ ഭവന പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം (21/19)-എസ്.സി.പി**

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട്(എസ്.സി.പി) | 3000000 | 2100000 |
| തനതുഫണ്ട് | 200000 | 0 |
| ആകെ | 3200000 | 2100000 |

വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| ഗഡു | ഗുണഭോക്താക്കളുടെ | ഗഡു സംഖ്യ | ആകെ |
|---|---|---|---|

| | | | |
|---|---|---|---|
| | എണ്ണം | | |
| I | 6 | 40000 | 240000 |
| II | 6 | 160000 | 960000 |
| III | 5 | 100000*4<br>160000*1 | 400000<br>160000 |
| IV | 4 | 40000*1<br>100000*3 | 40000<br>300000 |
| ആകെ | | | 2100000 |

ആകെയുള്ള 6 ഗുണഭോക്താക്കളിൽ 5 ഗുണഭോക്താക്കൾ ആണ് മുഴുവൻ തുകയും കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്.

ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനുമായി ചമച്ച കരാറിലെ ഖണ്ഡിക4 പ്രകാരം 6 മാസത്തിനകം ഭവനനിർമ്മാണം പൂർത്തിയാക്കുന്നതാണെന്നും ഖണ്ഡിക 7 പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവൃത്തി പൂർത്തിയാക്കുമെന്നും അല്ലാത്തപക്ഷം കൈപ്പറ്റിയ തുക 12% പലിശ സഹിതം തിരികെ നൽകാൻ ബാധ്യസ്ഥനാണെന്നും അല്ലാത്തപക്ഷം തങ്ങളുടെ സ്ഥാവരജംഗമ സ്വത്തുക്കളിൽ നിന്നോ, അനന്തരാവകാശികളിൽനിന്നോ റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കാമെന്നും സമ്മതിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനോ, പൂർത്തിയാക്കാത്ത പക്ഷം തുക തിരികെ ഈടാക്കുന്നതിനോ സ്വീകരിച്ച തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

### ഹഡ്കോ ലോൺ ലഭ്യമായതിന്റേയും ചെലവിന്റേയും വിവരം

2018-19 ൽ 83,00,000 രൂപ ഹഡ്കോയിൽ നിന്നു KURDFC മുഖേന വായ്പ ലഭ്യമായിട്ടുണ്ട്. തുക പഞ്ചായത്തിന്റെ SBI യുടെ വാണിയംകുളം ബ്രാഞ്ചിലുള്ള അക്കൗണ്ടിൽ നിക്ഷേപിച്ചാണ് ചെലവ് നടത്തുന്നത്. 31-3-2019 വരെ 8300000 രൂപ ലോൺ അക്കൗണ്ടിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്.

വായ്പയുടെ തിരിച്ചടവ് ആരംഭിച്ചിട്ടില്ല 2019-20 വർഷത്തിൽ വികസന ഫണ്ട് ജനറലിൽ സ്രോതസ്സിൽനിന്നും 433824 രൂപ കുറവ് ചെയ്തിട്ടുണ്ട്.

### സർക്കാർ വിഹിതം

സർക്കാർ വിഹിതമായി ഓരോ ഗുണഭോക്താവിനും 1 ലക്ഷം രൂപ വീതം ലഭ്യമാകുമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം സർക്കാരിൽ നിന്നും തുകയൊന്നും ലഭ്യമായിട്ടില്ല.

### ഭവനനിധി

ലൈഫ് മിഷൻ മാർഗ്ഗരേഖ പ്രകാരം പൊതുജനങ്ങളിൽ നിന്നും മറ്റ് രീതികളിലും ഫണ്ട് സ്വീകരിച്ച് സെക്രട്ടറിയുടേയും പ്രസിഡണ്ടിന്റേയും പേരിൽ ഒരു അക്കൗണ്ട് തുടങ്ങുവാൻ നിർദ്ദേശിച്ചിരുന്നു. 10% പേർക്കെങ്കിലും ഈ ഫണ്ടിൽ നിന്നും ഭവന നിർമ്മാണത്തിനായി തുക അനുവദിക്കുവാൻ ശ്രമിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. പഞ്ചായത്തിൽ അത്തരത്തിൽ ഒരു ഭവനനിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും (കേരള ഗ്രാമീൺ ബാങ്ക് ഒറ്റപ്പാലം-അക്കൗണ്ട് നം-40268101035377) പ്രസ്തുത അക്കൗണ്ടിൽ തുകയൊന്നും വരവ് വന്നിട്ടില്ല.

### മോണിറ്ററിംഗ്

ലൈഫ് മിഷൻ പദ്ധതിയുടെ പുരോഗതി ഉറപ്പാക്കേണ്ടതിന്റെ പൂർണ്ണ ചുമതല സെക്രട്ടറിക്കാണ്. ഭൂമിയുള്ള ഭവന രഹിതരുടെ വ്യക്തിഗത ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ മേൽനോട്ടച്ചുമതലയും സെക്രട്ടറിക്കാണ്.

രണ്ടാം ഘട്ടത്തിൽ ഏറ്റെടുത്ത പദ്ധതികളുടെ പുരോഗതി കൃത്യമായ വിലയിരുത്തൽ നടത്തിയതിന് രേഖകളില്ല. 2019-20 വർഷത്തിൽ പദ്ധതികൾ തുടർന്നു വരുന്നുണ്ട്.

14/24.09.19 ലെ ഓഡിറ്റ് അന്വേഷണം മുഖേനയും 28.09.2019 ലെ എക്സിറ്റ് മീറ്റിംഗിലും മേൽ വിഷയം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് വൈസ് പ്രസിഡണ്ട് അറിയിച്ചു.

<u>ഓഡിറ്റ് നിർദ്ദേശം</u>

1. വിവിധ ഘട്ടങ്ങളിലുള്ള ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കേണ്ടതാണ്.
2. സർക്കാരിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുവാനുള്ള തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.
4. പദ്ധതി നടത്തിപ്പിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.
5. ലൈഫ് മിഷൻ മാർഗ്ഗരേഖയ്ക്കനുസരിച്ചും കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവ് പ്രകാരവും പദ്ധതി പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.
   തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-21 വെറ്ററിനറി സർജ്ജൻ -പദ്ധതി നിർവ്വഹണം കാര്യക്ഷമമല്ല.

2018-19 വർഷത്തെ പദ്ധതി നടത്തിപ്പിന്റെ ഭാഗമായി വെറ്ററിനറി സർജ്ജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പ്രൊജക്ടുകൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും മൂന്ന് പ്രൊജക്ടുകളിലായി 33 ശതമാനം തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് | അടങ്കൽ | ചെലവഴിച്ചത് | ശതമാനം |
|---|---|---|---|---|
| 1 | 4/19<br>പശു വളർത്തൽ (ജനറൽ) | 1250000 | 1000000 | 80 |
| 2 | 06/19<br>മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ | 100000 | 99993 | 99 |
| 3 | 07/19<br>മൃഗാശുപത്രിയിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും | 75000 | 74800 | 99 |
| 4 | 201/19<br>പശു വളർത്തൽ -വനിത | 560000 | 0 | 0 |
| 5 | 202/19<br>മുട്ടക്കോഴി വിതരണം | 388500 | 0 | 0 |
| 6 | 203/19<br>കോഴി വളർത്തൽ വനിത | 1134000 | 0 | 0 |
|  | ആകെ | 3504500 | 1174793 | 33 |

ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ ഗുണഭോക്തൃലിസ്റ്റ് ഉണ്ടായിട്ടും നടപ്പിലാക്കാതിരിക്കുന്നത് ശരിയായ നടപടിയല്ല. ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരുടെയും സേവനം യഥാസമയം വിനിയോഗിക്കുന്നതിനും അർഹരായ ഗുണഭോക്താക്കൾക്ക്

ആനുകൂല്യം സമയബന്ധിതമായി ലഭിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.(ഓഡിറ്റ് എൻക്വയറി നം 13/24.09.19)

# 1-22 ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കുന്നതിലെ അപാകതകൾ

കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളുടെ ഭാഗമായി ഗുണഭോക്തൃവിഹിതം പ്രൊജക്ടിൽ ഉൾപ്പെടുത്തുകയും പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. പ്രൊജക്ടിന്റെ വിഭവ സ്രോതസ് കണക്കാക്കിയതിൽ ഗുണഭോക്തൃവിഹിതം ഗ്രാമപഞ്ചായത്തിൽ അടവാക്കുന്നതായാണ് വിഭാവനം ചെയ്തിരിക്കുന്നത്. കൃഷി ഓഫീസർ TR -5 Receipt മുഖേന ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കുകയും ആയത് ഡി ഡി ആയി നേരിട്ട് വിത്ത് വിതരണം ചെയ്ത സ്ഥാപനങ്ങളുടെ (KSSDA) അക്കൗണ്ടിലേക്ക് ഒടുക്കുകയുമാണ് ചെയ്തിട്ടുള്ളത്. പദ്ധതികളുടെ ഗുണഭോക്തൃവിഹിതം ഗ്രാമപഞ്ചായത്തിന്റെ രസീതി മുഖേന (Form No. XXXIII) പിരിച്ച് ഗ്രാമപഞ്ചായത്തിൽ ഒടുക്കുന്നതിന് പകരം കൃഷി വകുപ്പിന്റെ രസീതി മുഖേന പിരിച്ച് നേരിട്ട് നൽകിയത് ക്രമപ്രകാരമല്ല. ഇപ്രകാരം ചെയ്തതിനാൽ ഗ്രാമപഞ്ചായത്തിന്റെ പദ്ധതികളുടെ ഗുണഭോക്തൃവിഹിതം പഞ്ചായത്തിന്റെ വരവ് ചെലവ് കണക്കുകളിൽ പ്രതിഫലിച്ചിട്ടില്ല. കൂടാതെ ചെലവ് പത്രികകളിലും പദ്ധതികളുടെ യഥാർത്ഥ ചെലവ് അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.

TR 5 മുഖേന ഗുണഭോക്തൃവിഹിതം പിരിച്ചെടുത്ത പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

| പദ്ധതി | അടങ്കൽ | പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം |
|---|---|---|
| നെൽകൃഷി വികസന പദ്ധതി<br>ഒന്നാം വിള (32/18-19) | വികസന ഫണ്ട് 740000<br>ഗുണഭോക്തൃ വിഹിതം 120000<br>ആകെ 860000 | 120000 രൂപ |

ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.03/19.09.2019) പ്രൊജക്ടിൽ ഗുണഭോക്തൃവിഹിതം അടവാക്കുന്ന സ്ഥാപനം, വിത്ത് വിതരണം ചെയ്യുന്ന സ്ഥാപനമാണെന്ന തെറ്റിധാരണ മൂലം സംഭവിച്ചതാണെന്നും ഭാവിയിൽ അപാകത ആവർത്തിക്കില്ലെന്ന് മറുപടി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾക്കായി ഗുണഭോക്തൃവിഹിതം പഞ്ചായത്തിന്റെ രസീതി ഉപയോഗിച്ച് പിരിച്ചെടുത്ത് ഗ്രാമപഞ്ചായത്തിൽ ഒടുക്കുന്നതിനും, റിക്വസിഷന്റെ അടിസ്ഥാനത്തിൽ തുക ബന്ധപ്പെട്ട സ്ഥാപനത്തിന് നൽകുവാനും ശ്രദ്ധിക്കേണ്ടതാണ്.

# 1-23 അസാധാരണ ചെലവുകൾ-നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ പ്രകാരം അസാധാരണ ചെലവുകൾ നടത്തുവാൻ അനുവദനീയമായ ഇനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട് (ചട്ടം 3). മുൻവർഷത്തെ മിച്ചഫണ്ടിന്റെ 20% വരെ (പരമാവധി 1 ലക്ഷം രൂപ) ആണ് അസാധാരണ ചെലവ് പരിധി (ചട്ടം 4). പഞ്ചായത്ത് അസാധാരണ ചെലവ് സംബന്ധിച്ച ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. ഇതിൽ ചെലവാക്കിയ തുക, പഞ്ചായത്ത് തീരുമാനം നമ്പർ, തിയതി, ആകെ ചെലവ് തുക എന്നിവ രേഖപ്പെടുത്തണം. ചെലവഴിച്ച തുകയുടെ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. അസാധാരണ ചെലവുകളുടെ വാർഷിക കണക്ക് പ്രത്യേകമായി ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതാണ്.

എന്നാൽ, വാണിയംകുളം ഗ്രാമപഞ്ചായത്തിൽ അസാധാരണ ചെലവുകൾക്ക് വേണ്ടി രജിസ്റ്റർ പരിപാലിക്കുകയോ ഈയിനത്തിലെ ചെലവുകൾ പ്രത്യേകം രേഖപ്പെടുത്തുകയോ ചെലവ് പരിധി പാലിക്കുകയോ മേലുദ്യോഗസ്ഥർ പരിശോധിക്കുകയോ, ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി വിലയിരുത്തുകയോ ചെയ്യുന്നില്ലെന്ന് പരിശോധനയിൽ കണ്ടെത്തി. 2018-19 വർഷത്തെ തനത്ഫണ്ട് ചെലവ് രേഖകളുടെ പരിശോധനയിൽ അസാധാരണ ചെലവിനങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന ചെലവുകൾ ദൈനംദിന ചെലവായി പരിഗണിക്കുന്നതായി കണ്ടെത്തി. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | വൗച്ചർ നം., തീയതി | ഇനം | തുക |
|---|---|---|---|
| 1 | 21800229/20.06.2018 | ഹരിതപൂർവ്വം-ഷൊർണ്ണൂർ എംഎൽ എ -ഉൽഘാടനം-പന്തൽ,കസേര | 12000 |
| 2 | 21800198/14.06.2018 | ഹരിതപൂർവ്വം-ഷൊർണ്ണൂർ എംഎൽ എ -ഉൽഘാടനം-മൈക്ക് സെറ്റ് | 2800 |
| 3 | 21800628/17.10.2018 | ഹരിതകേരള മിഷൻ ബാനർ | 450 |
| 4 | 21800713/08.11.2018 | ലാപ്ടോപ്പ് വിതരണം എംഎൽ എ -ഉൽഘാടനം | 450 |
| 5 | 21801151/13.03.19 | വിമുക്തി ക്വിസ് പരിപാടി | 2400 |
| 6 | 21801238/25.03.19 | ക്ലിൻ പഞ്ചായത്ത് കാമ്പയ്ൻ | 2891 |
| 7 | 21800201/08.06.18 | കൃഷി പൊലിക -പ്രിന്റിംഗ് ചാർജ്ജ് | 686 |
| 8 | 21800313/16.07.18 | അനുമോദന സദസ് | 2400 |
| 9 | 21800346/25.07.18 | SSLC, PLUS TWO അനുമോദന സദസ് | 2400 |
| 10 | 21800406/06.08.18 | LIFE Mission | 1400 |
| 11 | 21800429/14.08.18 | Plastic carri bag ban-കാമ്പയ്ൻ | 1691 |
| 12 | 21800468/23.08.18 | Plastic carri bag ban-കാമ്പയ്ൻ മൈക്ക് സെറ്റ് | 2500 |

സർക്കുലർ നം 451/ എഫ് എം 2/2015/ത സ്വ ഭ വ തീയതി 17.12.2015പ്രകാരം അസാധാരണ ചെലവുകൾക്ക് സർക്കാർ നിശ്ചയിക്കുന്ന പരിധി കർശനമായി പാലിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അസാധാരണ ചെലവിനങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന ചെലവുകൾ ദൈനംദിന ചെലവായി കണക്കാക്കി തുക നൽകുന്നത് ഒഴിവാക്കേണ്ടതും ആയത് ചട്ടപ്രകാരം അനുവദിനീയമായ ഇനങ്ങളിൽ ഉൾപ്പെടുത്തി, ചെലവുകൾക്ക് സർക്കാർ നിശ്ചയിക്കുന്ന പരിധി കർശനമായി പാലിക്കേണ്ടതാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

# 1-24 കൃഷി ഭവനിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ-സാധനങ്ങൾ നാളിതുവരെ ലഭ്യമായിട്ടില്ല.

| | |
|---|---|
| പ്രൊജക്ട് | 147/19 കൃഷി ഭവനിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ | 100000<br>(മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്) |
| ചെലവ് | 1) ബിൽ നം 7/19 തീയതി 27.03.19 തുക 62117<br>2) ബിൽ നം 10/19 തീയതി 29.03.19 തുക 37046<br>ആകെ 99163 രൂപ |
| [illegible] | [illegible] |

ജി.ഒ (എം എസ്) 24/17/ഐ ടി ഡി തീ 18.11.17, ഐ ടി സെൽ 1/26/2019 വി സാ വ തീ.18.03.19 എന്നിവ പ്രകാരം സംസ്ഥാനത്തെ സർക്കാർ വകുപ്പുകൾക്കും,തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും വേണ്ടി സർക്കാർ ആരംഭിച്ച www.cprcs.kerala.gov.in എന്ന ഓൺ ലൈൻ സൈറ്റിലൂടെ മാത്രമേ ഐ ടി ഉപകരണങ്ങൾ വാങ്ങാവൂ എന്ന നിർദേശത്തിന്റെ അടിസ്ഥാനത്തിൽ മേൽ പ്രൊജക്ടിന്റെ ഭാഗമായി കൃഷി ഭവനിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് യുപിഎസ്, കമ്പ്യൂട്ടർ എന്നിവയുടെ വിലയായി പ്രൊഫോർമ ഇൻവോയ്സ് നം 1634/28.03.18 പ്രകാരം 62117 രൂപയും, 7118/25.03.19 പ്രകാരം 37046 രൂപയുടെയും ഇൻവോയ്സുകൾ (ആകെ 99163രൂപ) കേരള സ്റ്റേറ്റ് ഐ ടി മിഷന്റെ അക്കൗണ്ടിലേക്ക് 99163 രൂപ (അക്കൗണ്ട് നം 799011400003959 ടി എസ് ബി തിരുവനന്തപുരം) നൽകിയിട്ടുണ്ട്. കമ്പ്യൂട്ടറും പ്രിന്ററും നാളിതുവരെ ലഭ്യമായിട്ടില്ല. കേരള സ്റ്റേറ്റ് ഐ ടി മിഷനുമായി കരാറിൽ ഏർപ്പെട്ടതായി കാണുന്നില്ല. ഓഡിറ്റ് എൻക്വയറി നം 04/19.09.19 യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-25 തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടവാക്കൽ-മീറ്ററിംഗ് സംവിധാനത്തിലേക്ക് മുഴുവനായി മാറേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 2410965/-രൂപ കെ.എസ്.ഇ.ബി, വാണിയംകുളം ഇലക്ട്രിക്കൽ സെക്ഷനിൽ അടവാക്കിയിട്ടുണ്ട്

എ) <u>മീറ്ററിംഗ് സംവിധാനമില്ലാത്ത തെരുവുവിളക്കുകളുടെ വിവരം</u>

തെരുവുവിളക്കുകളുടെ എണ്ണം രേഖപ്പെടുത്തിയ രജിസ്റ്റർ പ്രകാരം മീറ്ററിംഗ് ആക്കിയിട്ടില്ലാത്ത (കൺസ്യൂമർ നം 1167335008911) തെരുവുവിളക്കുകളുടെഎണ്ണം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഇനം | വാട്ട് | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|---|
| 1 | ഓർഡിനറി ബൾബ് | 40 | 332 | 66 | 21912 |
| 2 | ഓർഡിനറി ബൾബ് | 60 | 221 | 102 | 22542 |
| 3 | സിംഗിൾ ട്യൂബ് | 40 | 44 | 66 | 2904 |
| 4 | ഡബിൾ ട്യൂബ്2*40 | 80 | 682 | 134 | 91388 |
| 5 | എസ് വി എൽ | 250 | 48 | 447 | 21456 |
| 6 | സി എഫ് എൽ | 11 | 31 | 16 | 496 |
| 7 | സി എഫ് എൽ | 22 | 577 | 32 | 18464 |
| 8 | ആകെ | | 1935 | | 179162 |

മീറ്ററിംഗ് ആക്കാത്ത തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ 2174807/-രൂപ (179162*7+182853*2+184989*3=2174807) അടവാക്കിയിട്ടുണ്ട്.

<u>ബി. നിലിവിലില്ലാത്ത സാധാരണ ലാമ്പുകൾക്ക് ഒടുക്കുന്ന വൈദ്യുതി ചാർജ്ജ് ക്രമീകരിച്ചില്ല</u>

സാധാരണ ലാമ്പുകൾ വാങ്ങുന്നതിനും അറ്റകുറ്റപണികൾ നടത്തുന്നതിനും മുൻ വർഷങ്ങളിലൊന്നും ഗ്രാമപഞ്ചായത്ത് തുക വകയിരുത്തിയിട്ടില്ല. വിവിധ ഘട്ടങ്ങളിലായി സാധാരണ ലാമ്പുകൾക്ക് പകരം ട്യൂബ് ലൈറ്റുകളും സി.എഫ്.എല്ലും എൽ.ഇ.ഡി ലാമ്പുകളും സ്ഥാപിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ സാധാരണ ലാമ്പുകളൊന്നും നിലവിലില്ലെന്ന് ഇതിൽനിന്നും അനുമാനിക്കാവുന്നതാണ്. ആയതിനാൽ വൈദ്യുതി ബോർഡ് 40 വാട്ടിന്റെ 553 സാധാരണ ലാമ്പുകൾക്ക് വൈദ്യുതി ചാർജ്ജ് ഈടാക്കുന്നത് ക്രമപ്രകാരമല്ല. സംയുക്ത

പരിശോധന നടത്താത്തതിനാൽ വൈദ്യുതി ചാർജ്ജ് ഒടുക്കുന്നത് ഓഡിറ്റ് സമയത്തും തുടർന്നു വരുന്നുണ്ട്. 2018-19 വർഷത്തിൽ വൈദ്യുതി ബോർഡ് 492312 രൂപ സാധാരണ ലാമ്പുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഈടാക്കിയിട്ടുണ്ട്.

**<u>സി. തെരുവുവിളക്കുകളുടെ പരിപാലനച്ചെലവ്</u>**

സാധന സാമഗ്രികൾ വാങ്ങുവാനും അറ്റകുറ്റപണികൾക്കുമായി തൻവർഷം ചെലവഴിച്ച തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം. | ചെലവ് | ഫണ്ടിനം |
|---|---|---|---|
| 1 | 162/19 തെരുവു വിളക്കുകൾക്ക് സാധന സാമഗ്രികൾ വാങ്ങൽ | 365285 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 2 | 163/19-തെരുവു വിളക്ക് റിപ്പയർ നടത്തിപ്പ് ചെലവ് | 150344 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ആകെ | | 515629 | |

**<u>ഡി. ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിനുള്ള പദ്ധതികൾ</u>**

താരതമ്യേന ഊർജ്ജ ഉപഭോഗം കൂടുതലുള്ള സോഡിയം വേപ്പർ ലാമ്പുകളും ഫ്ലൂറസന്റ് ലാമ്പുകളും ഒഴിവാക്കി സോളാർ പാനലുകൾ, എൽ.ഇ.ഡി ലാമ്പുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ആവിഷ്കരിക്കുവാൻ നടപടികൾ ഉണ്ടാകേണ്ടതാണ്. എൽ.ഇ.ഡി ലാമ്പുകൾക്ക് ശരാശരി 50000 മണിക്കൂർ ആയുസ്സ് ഉള്ളതിനാൽ 10 വർഷത്തിൽ അധികം നിലനിൽക്കുന്നതാണ്. വൈദ്യുതി ചാർജ്ജിനത്തിലെ കുറവ് കൂടാതെ പരിപാലനത്തിനായി ചെലവഴിക്കുന്ന തുകയിലും കുറവ് വരുത്താവുന്നതാണ്. മീറ്ററിംഗ് നിലവിൽ വരുന്നതോടെ കൂടുതൽ നേട്ടം പ്രതീക്ഷിക്കാവുന്നതാണ്.

ഗ്രാമപഞ്ചായത്തുകൾ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിലെ കൃത്യത ഉറപ്പുവരുത്തുന്നതിനായി മീറ്റർ സമ്പ്രദായം ഏർപ്പെടുത്താമെന്ന് ബി.ഒ. (എഫ്. ബി.)നമ്പർ 496 / 2004 (എൽ.ജി /സി.ഒ .എം. 3515/ 98 തീയ്യതി 23.02.2004 കെ.എസ്.ഇ.ബി. ബോർഡ് സെക്രട്ടറി ) പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട് . ഗ്രാമ പഞ്ചായത്തും കെ.എസ്.ഇ .ബി . യുമായി സംയുക്ത പരിശോധന നടത്തി തെരുവുവിളക്കുകളുടെ നിജസ്ഥിതി തിട്ടപെടുത്തിയിട്ടുള്ളതിന്റെ വിവരം മീറ്ററിംഗ് ആക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്നിവ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/25.09.19) 2019-20 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയ സ്ട്രീറ്റ് മെയിൻ വലിക്കൽ പൂർത്തിയാകുന്നതോടെ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് പൂർണ്ണമായും മീറ്റർ സമ്പ്രദായത്തിലേക്ക് മാറും എന്നും, നിലവിൽ സാധാരണ ബൾബുകളുടെ ഹോൾഡർ ഉൾപ്പെടെ നീക്കം ചെയ്ത് കൂടുതൽ ഈടുനിൽക്കുന്ന എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിച്ചുവരുന്നുവെന്നും, ഗ്രാമപഞ്ചായത്തും കെ.എസ്.ഇ.ബി.-യുമായി സംയുക്ത പരിശോധന നടത്തി തെരുവുവിളക്കുകളുടെ നിജസ്ഥിതി തിട്ടപ്പെടുത്തി വൈദ്യുതി ചാർജ്ജ് കുറവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും മറുപടി നൽകിയിട്ടുണ്ട്.

**<u>ഇ. ഓഡിറ്റ് നിർദ്ദേശങ്ങൾ</u>**

1. വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിനുള്ള ശ്രമം ഊർജ്ജിതമാക്കി തെരുവു വിളക്കുകളുടെ കൃത്യമായ വിവരം ശേഖരിച്ച് കണക്കുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.
2. ഓരോ വർഷവും പുതിയതായി ലാമ്പുകൾ സ്ഥാപിക്കുമ്പോഴും നിലവിലുള്ളവ മാറ്റി പുതിയ ഇനം ലാമ്പുകൾ സ്ഥാപിക്കുമ്പോഴും കണക്കുകളിൽ മാറ്റം വരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.
3. നിലവിലില്ലാത്ത ലാമ്പുകൾക്ക് വൈദ്യുതി ബോർഡ് ഈടാക്കി വരുന്ന തുക മുൻകാല പ്രാബല്യത്തോടെ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
4. അറ്റകുറ്റപണികൾക്കാവശ്യമായ ലാമ്പുകൾ ആവശ്യകത വിലയിരുത്തി മാത്രം വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

5. ഊർജ്ജ ഉപഭോഗം കൂടുതലുള്ള ലാമ്പുകൾ ഘട്ടം ഘട്ടമായി മാറ്റി ഊർജ്ജ ഉപഭോഗം കുറവുള്ള ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

6. മീറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികളുടെ അടിയന്തിര പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്.

28.09.2019 ന് നടന്ന എക്സിറ്റ് മീറ്റിംഗിൽ ഈ വിഷയം ചർച്ച ചെയ്യുകയുണ്ടായി. തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അധികാരികൾ അറിയിച്ചിട്ടുണ്ട്.

തെരുവുവിളക്കുകളുടെ പരിപാലനത്തിനായി ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഭരണസമിതിയും ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 1-26 തൊഴിൽ രഹിത വേതനം- കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കാതെ ധന സഹായം നൽകി

2018-19 വർഷത്തിൽ രണ്ടു ഗഡുക്കളായി 106 ഗുണഭോക്താക്കൾക്ക് 202680/- രൂപ താഴെ പറയുന്ന പ്രകാരം തൊഴിൽ രഹിത വേതനം വിതരണം ചെയ്തിട്ടുണ്ട്.

| ക്രമ നം. | ബിൽ നം തീയതി | തുക |
|---|---|---|
| 1 | 08/19 -12.07.18 | 104280 |
| 2 | 41/19-07.03.19 | 98400 |
| 3 | ആകെ | 202680 |

തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നതിനുള്ള അർഹത കുടുംബ വാർഷിക വരുമാനം 12000 രൂപയിൽ കവിയാത്തവരും ഗ്രാമപഞ്ചായത്തിൽ സ്ഥിര താമസം ഉള്ളവരും, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് തൊഴിൽ കാർഡ് കൈപ്പറ്റാത്തവരും ആയിരിക്കണം. പ്രസ്തുത വിവരങ്ങൾ സംബന്ധിച്ച രേഖകൾ അന്വേഷണ ഉദ്യോഗസ്ഥൻ പരിശോധിച്ച് അർഹത ഉറപ്പുവരുത്തി വേണം വേതനം നൽകുന്നത്. ആയത് തൻവർഷം ഉറപ്പുവരുത്തിയതിന്റെ വിവരങ്ങൾ ലഭ്യമല്ല. ഗുണഭോക്താക്കളുടെ അർഹത പരിശോധിക്കാതെ തുക വിതരണം ചെയ്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 21/25.09/19) ഗുണഭോക്താക്കൾ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലെന്ന് MNREGS ഉദ്യോഗസ്ഥർ മുഖാന്തിരം ഉറപ്പാക്കിയിട്ടുണ്ടെന്നും ഭാവിയിൽ വരുമാന സർട്ടിഫിക്കറ്റ് പരിശോധിച്ചു മാത്രമേ തുക വിതരണം ചെയ്യുകയുള്ളൂ എന്ന് മറുപടി നൽകിയിട്ടുണ്ട്.

# 1-27 ഡെപ്പോസിറ്റ് പ്രവൃത്തികൾ-ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| KSEB | 31/,19 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21800601 /09.10.18 | 66983 | ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| KSEB | 300/19 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21800489 /31.08.18 | 194722 | |

| | | | | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 318/19 ABC പ്രൊജക്ട് | 218000611 /9.10.18 | 350000 | |

മേൽ സ്ഥാപനങ്ങളുമായി കരാർ വെച്ചതിന്റെ വിവരങ്ങൾ, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 21/25.09/19) ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭിക്കുന്നമുറക്ക് പരിശോധനക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-28 ഹോംകോയിൽ നിന്നും മരുന്ന് ലഭിച്ചിട്ടില്ല – തുടർ നടപടി സ്വീകരിക്കേണ്ടതാണ്

2018-19 വർഷം ഹോമിയോ ഡിസ്പൻസിറിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതിയുടെ (പ്രൊജക്ട് നം. 41/19) ഭാഗമായി 19.09.2018 ലെ ബിൽ നം.01/2018-19 പ്രകാരം 4 ലക്ഷം രൂപ മെയിന്റനൻസ് ഫണ്ട് (റോഡിതരം) ൽ നിന്നും പിൻവലിച്ച് ഹോംകോയുടെ അക്കൗണ്ടിലേക്ക് (നം. 34306403911, എസ്.ബി.ഐ.) ഇ-പെമെന്റായി നൽക്കിയിട്ടുണ്ട്. എന്നാൽ ഹോംകോയിൽ നിന്നും നാളിതുവരെ മരുന്നുകൾ ലഭിച്ചിട്ടില്ല. മരുന്നുകളുടെ സമയബന്ധിതമായ വിതരണം ഉറപ്പാക്കുന്നതിനായി തുക കൈമാറുമ്പോൾ പ്രസ്തുത സ്ഥാപനവുമായി എഗ്രിമെന്റ് ചമയ്ക്കേണ്ടതായിരുന്നുവെങ്കിലും അത്തരത്തിൽ എഗ്രിമെന്റ് വെച്ചിട്ടില്ല. ആയതിനാൽ 4 ലക്ഷം രൂപയുടെ മരുന്നുകൾ ഹോംകോയിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതും തുടർ വർഷങ്ങളിൽ എഗ്രിമെന്റ് വെച്ച് മരുന്നുകളുടെ സമയബന്ധിതമായ വിതരണം ഉറപ്പാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

# 1-29 തൊഴിലുറപ്പു പദ്ധതി - വൈവിദ്ധ്യമാർന്ന പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ ശ്രമിക്കേണ്ടതാണ്

തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ തൻ വർഷം ഏറ്റെടുത്തു നടത്തിയ വിവിധ പദ്ധതികളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ.നം | പ്രവൃത്തി വിഭാഗം | ചെലവഴിച്ച തുക |
|---|---|---|
| 1 | ജലസംരക്ഷണവും ജലസംഭരണവും | 70460 |
| 2 | ഡ്രോട്ട് പ്രൂഫിംങ് | 87535 |
| 3 | ജലസേചന കനാലുകൾ | 1304086 |
| 4 | സ്വകാര്യ ഭൂമിയിലെ പ്രവൃത്തികൾ | 19446599 |
| 5 | ഭൂവികസനം | 836539 |
| 6 | വെള്ളപ്പൊക്ക നിയന്ത്രണം | 887525 |
| 7 | റൂറൽ കണക്റ്റിവിറ്റി | 867295 |
| | ആകെ | 23500039 |

നാമമാത്രമായ തുകയാണ് ജലസംരക്ഷണത്തിന് ചെലവഴിച്ചിട്ടുള്ളത്. തൊഴിലുറപ്പ് പദ്ധതിയുടെ 2018-19 മാസ്റ്റർ സർക്കുലറിൽ വ്യക്തമാക്കിയതും പഞ്ചായത്തിന് അനുയോജ്യമായതുമായ ജല സുരക്ഷ - സമ്പൂർണ്ണ കിണർ റീ ചാർജ്ജ്, കുളം നിർമ്മാണവും നവീകരണവും തുടങ്ങിയ പ്രവൃത്തികളിലൂടെ വിവിധ ജലസ്രോതസ്സുകളുടെ നവീകരണവും നിർമ്മാണവും ഏറ്റെടുത്തു നടപ്പാക്കിയിരുന്നെങ്കിൽ കുടിവെള്ള ക്ഷാമം ഒരു പരിധിവരെ പരിഹരിക്കാൻ പഞ്ചായത്തിന് കഴിയുമായിരുന്നു. കുളം നിർമ്മാണവും നവീകരണവും, ചെക്ക് ഡാം നിർമ്മാണം, മൺ തടയണകൾ, സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതികൾ തുടങ്ങിയ മറ്റു പദ്ധതികൾ കൂടി കണ്ടെത്തി നടപ്പിലാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

<u>ഭാഗം – 2</u>

-പരാമർശങ്ങൾ ഒന്നുമില്ല-

<u>ഭാഗം-3</u>

-പരാമർശങ്ങൾ ഒന്നുമില്ല-

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1000000 | സമഗ്ര നെൽകൃഷി വികസനം (പ്രോജ.നം. 120/19) | 1000000 | 0 |
| | | 501000 | ഭിന്നശേഷി സ്കോളർഷിപ്പ് (പ്രോജ. ന11/19) | 501000 | 0 |
| | | 1350000 | ലൈഫ് പാർപ്പിട പദ്ധതി (20/19) | 1200000 | 150000 |
| | | 250000 | സോളിഡ് ബ്ലോക്ക് നിർമ്മാണ യൂണിറ്റ് (322/19) | 0 | 250000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 395551 | ലൈഫ് പാർപ്പിട പദ്ധതി (20/19) | 395551 | 0 |
| | | 350000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (42/19) | 350000 | 0 |
| | | 871000 | സമഗ്ര നെൽകൃഷി വികസനം (പ്രോജ.നം. 120/19) | 871000 | 0 |
| | | 7500 | പച്ചക്കറി കൃഷിക്ക് കൂലിചെലവ് | 0 | 7500 |

| | | | | | |
|---|---|---|---|---|---|
| | | | സബ്സിഡി 29/19) | | |

# 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| KSEB | 31/,19 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21800601 /09.10.18 | 66983 | ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| KSEB | 300/19 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21800489 /31.08.18 | 194722 | ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| ജില്ലാ പഞ്ചായത്ത് | 318/19 ABC പ്രൊജക്ട് | 218000611 /9.10.18 | 350000 | ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

# 4-4 വായ്പ / വായ്പാതിരിച്ചടവ്

തൻവർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 8300000 രൂപ വരവുണ്ട്. ഈ തുക പദ്ധതി നിർവ്വഹണത്തിനായി നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറിയിട്ടുണ്ട്.

തൻവർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| [illegible] | [illegible] | | | | | |

| | | | | | | |
|---|---|---|---|---|---|---|
| KURDFC-LIFE ഭവന പദ്ധതി | GO(MS) 111/ 2018/ തസ്വഭവ, തീയതി. 13.08.2018 | 8300000 | 0 | 0 | 0 | 8300000 |
| | | | | | | |

# 4-5 സ്ഥിര നിക്ഷേപം

**ഒന്നുമില്ല**

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം അടവാക്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2012-13 | 3-2 | 43275 | ഷീബാ അസി.എഞ്ചിനീയർ | 118190100604 /20.04.2018 |
| 2016-17 | 2-1(2) | 2500 | മണികണ്ഠപ്രകാശ് അസി.എഞ്ചിനീയർ | 118190101599 /16.05.2018 |
| 2016-17 | 2-1(2) | 2500 | ബാലകൃഷ്ണൻ അസി.എഞ്ചിനീയർ | 118190101602 /16.05.2018 |
| 2016-17 | 3-1 | 23400 | കെ.അയിഷാബീ. അസി.എഞ്ചിനീയർ | 118190100282 /05.06.2018 |
| 2016-17 | 3-3 | 2334 | കെ.അയിഷാബീ അസി.എഞ്ചിനീയർ | 118190100283 /16.05.2018 |
| 2017-18 | 2-6(3) | 150 | രാമചന്ദ്രൻ – മയിൽവാഹനം പെട്രോൾ പമ്പ് | 118040105953 /03.122018 |
| 2017-18 | 2-6(3) | 150 | ജയരാജൻ -മയിൽവാഹനം പെട്രോൾ പമ്പ് | 118040105954 /03.122018 |
| ആകെ | | 74309 | | |

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1998-99, 44 | 2002-03, 1.9.1.1 | കുഴൽ കിണർ നിർമ്മാണം-അധിക തുക നൽകിയത് നിരാകരിക്കുന്നു. | അന്തിമ തീരുമാനമായിട്ടില്ല |
| 1999-00, 5 | 2004-05, 3.9.1.5.1 | 6.36 ലക്ഷത്തിന്റെ ചെലവിന് രേഖകൾ ഹാജരാക്കിയില്ല. | അന്തിമ തീരുമാനമായിട്ടില്ല |

| | | | |
|---|---|---|---|
| 2003-04,<br><br>3-16 | 2007-08,<br><br>3.5.4.1 | സമ്പൂർണ്ണ ശുചിത്വ പരിപാടി-കക്കൂസ് നിർമ്മാണം-കൂടിയ ടെണ്ടർ സ്വീകരിച്ചതു മൂലം നഷ്ടമുണ്ടായി | അന്തിമ തീരുമാനമായിട്ടില്ല |
| | | | |

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഈ ഇനത്തിൽ തൻവർഷം തുകയൊന്നും ഈടാക്കിയിട്ടില്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) | 144206755.78 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 89956020.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഒന്നുമില്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഒന്നുമില്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

സി.ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഒന്നുമില്ല

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി.സന്തോഷ്, അസി.എഞ്ചിനീയർ | അസി.എക്സി.എഞ്ചിനീയർ, മടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം ജില്ല | മടത്തിങ്ങൽ വീട്, ലോകമലേശ്വരം(പി.ഒ),<br><br>കൊടുങ്ങല്ലൂർ, തൃശ്ശൂർ - 680664 |
| കെ.ആർ.വിഷ്ണു, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, വാണിയംകുളം ഗ്രാമപഞ്ചായത്ത് | കുന്നത്ത് വീട്, ആറ്റൂർ (പി.ഒ.) |

| | | |
|---|---|---|
| | | വെട്ടിക്കാട്ടിരി,<br>തൃശ്ശൂർ ജില്ല<br>പിൻ-680583 |
| കെ.അയിഷാബി അസി.എഞ്ചിനീയർ | അസി. എഞ്ചിനീയർ, ലക്കിടി പേരൂർ ഗ്രാമപഞ്ചായത്ത് | 31/302<br>നൗഷീ ഹൈലാൻ്റ്സ്,<br>പുതുപ്പള്ളിത്തെരുവ്,<br>നൂറണി പി.ഒ,<br>പാലക്കാട് ജില്ല |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1997-98 | LFP8/57/2000/12-10-2000 | ഫർദർ റിമാർക്സ് |
| 1998-99 | LFP11/753/2002/ 9-10-2002 | -do- |
| 1999-00 | LFP12/815/2004/ 10-09-2004 | -do- |
| 2000-01 | LFP12/816/04/30-09-05 | -do- |
| 2001-02 | LFP14/483/04/16-07-04 | -do- |
| 2002-03 | LFP14/380(1)/07/ 25-1-08 | -do- |
| 2003-04 | LFP16/794/12/12.9.12 | -do- |
| 2004-05 | LFP16/1812/11/ 15.12.11 | -do- |
| 2005-06 | LFP16/1813/11/3.12.11 | -do- |
| 2006-07 | LFP16/1815/11(2)/3.12.11 | -do- |
| 2007-08 | LFP16/11((1)/3.12.11 | -do- |
| 2008-09 | LFP16/1901/11/3.12.11 | -do- |
| 2009-10<br>2010-11 | LFP16/1890/13/4.4.14 | -do- |
| 2011-12 | LFP16/1270/2014 | മുഴുവൻ |
| 2012-13 2013-14& 2014-15 | LFP20/1102/2015<br>KSA.PKD.16/1364/2016/03.08.2016 | മുഴുവൻ<br>മുഴുവൻ |
| 2015-16 | KSA.PKD.16/1964/16/18-10-2016 | -ടി- |
| 2016-17 | KSA.PKD.16/1763/17/11.10.2017 | -ടി- |
| 2017-18 | KSA PKD 16-07/2019 /29.01.2019 | |

അവശേഷിക്കുന്ന റിപ്പോർട്ടികളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.പി.കെ.ഡി.21/997/2019(86)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തിയതി: 26-8-2019

Phone No.04912520145

e-mail. Dopkd.ksad@kerala.gov.in

**സാക്ഷ്യപത്രം**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ വാണിയംകുളം ഗ്രാമ പഞ്ചായത്തിന്റെ 31-3-2019 ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വാണിയംകുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്, ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

**ന്യൂനതകളുടെ സംഗ്രഹം**

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
2. സ്റ്റോക്ക് രജിസ്റ്റർ വാല്യൂ ബേസ്ഡ് ആക്കി സൂക്ഷിക്കുന്നില്ല.
3. സഞ്ചയ സോഫ്റ്റ് വെയറിലെ വസ്തു നികുതി ഡിമാന്റ് -കളക്ഷൻ- ബാലൻസ് തുക ബുക്ക് അഡ്ജസ്റ്റ്മെന്റ് ചെയ്താണ് വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തിയിരിക്കുന്നത്. എന്നാൽ അഡ്ജസ്റ്റ് ചെയ്തതിന്റെ വിശദവിവരങ്ങളടങ്ങിയ രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-2 വിവിധ പത്രികകൾ

| INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31 March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 8695907.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1250377.00 |
| 140000000 | Fee & User Charges | I-4(b) | 7068043.00 |
| 150000000 | Sale & Hire Charges | I-5(b) | 314620.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 146539138.00 |
| | | | |

| | | | |
|---|---|---|---|
| 171000000 | Interest Earned | I-8 | 751437.00 |
| 180000000 | Other Income | I-9 | 75589.00 |
| | Total Income | | 164695111.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10156234.00 |
| 220000000 | Administrative Expenses | I-11(b) | 1821286.00 |
| 230000000 | Operations & Maintenance | I-12(b) | 4039233.00 |
| 240000000 | Interest & Finance Charges | I-13 | 44330.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 8147960.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 50906468.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 631208.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 373525.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 64101965.00 |
| 255000000 | Maintenance Projects | I-14(e) | 8241950.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 15000.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 5000.00 |
| 272000000 | Depreciation | I-17(a) | 13589930.00 |
| | Total Expenditure | | 162074089.00 |
| | Gross Surplus/ Deficit of income over Expenditure | | 2621022.00 |
| 280000000 | Prior Period Item | I-18 | -902209.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 3523231.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

**RECEIPT & PAYMENT STATEMENT**

For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 20423148.78 |
| Cash | Cash | RP-40(a) | 110043.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 2613800.00 |
| 140000000 | Fees & User Charges | RP-4 | 2490781.00 |
| 150000000 | Sale & Hire Charges | RP-5 | 314620.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 58944901.00 |
| | | | |

| | | | |
|---|---|---|---|
| 171000000 | Interest Earned | RP-9 | 751437.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 10871179.00 |
| 350000000 | Other Liabilities | RP-36 | 2462273.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 0.0 |
| | Non Operating | | |
| 180000000 | Other Income | RP-10 | 75589.00 |
| 311000000 | Earmarked Funds | RP-29 | 43117.00 |
| 330000000 | Secured Loans | RP-32 | 8300000.00 |
| 340000000 | Deposits Received | RP-34 | 771142.00 |
| 350000000 | Other Liabilities | RP-36 | 1562213.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 34324153.00 |
| 460000000 | Loans, Advances and Deposits | RP-47 | 148359.00 |
| | Grand total | | 144206755.78 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3445091.00 |
| 220000000 | Administrative Expenses | RP-12 | 1534280.00 |
| 230000000 | Operations & Maintenance | RP-13 | 3673948.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 7427960.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 26963508.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 996493.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 101275.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 1194665.00 |
| 255000000 | Maintenance Projects | RP-20 | 8241950.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 15000.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 5000.00 |
| 280000000 | Prior Period item | RP-26 | -4567.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 178560.00 |
| 350000000 | Other Liabilities | RP-36 | 6754090.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 44330.00 |
| 280000000 | Prior Period Item | RP-26 | -23960.00 |
| 311000000 | Earmarked Funds | RP-29 | 175000.00 |
| 340000000 | Deposits Received | RP-34 | 566300.00 |
| | | | |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 3249512.00 |
| 410000000 | Fixed Assets | RP-38 | 22832292.00 |
| 412000000 | Capital work in Progress | RP-40 | 1034187.00 |
| 440000000 | Pre-paid Expenses | RP-45 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 1551106.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 54117594.78 |
| Cash | Cash | RP-40(b) | 133141.00 |
| | Grand Total | | 144206755.78 |

| BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 43709289.98 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 1037300.00 |
| 312000000 | Reserves | B-3 | 75611188.00 |
| | Total Reserve & Surplus | | 120357777.98 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 3623063.00 |
| | Total Grants, Contributions for Specific Purposes | | 3623063.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 8300000.00 |
| | Total Loans | | 8300000.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1460384.00 |
| 350000000 | Other Liabilities | B-9 | 3478502.80 |
| | Total Current Liabilities and Provisions | | 4938886.80 |
| | TOTAL LIABILITIES | | 137219727.78 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 107405459.00 |
| 411000000 | Accumulated Depreciation | B-11 | -36028999.00 |
| 412000000 | Capital Work in Progress | B-11(a) | 625228.00 |
| | Total Fixed Assets | | 72001688.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| | | | |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | B-15 | 84000.00 |
| 440000000 | Pre-paid Expenses | B-16 | 8300000.00 |
| 450000000 | Cash and Bank Balance | B-17 | 54250735.78 |
| 460000000 | Loans, Advances and Deposits | B-18 | 2583304.00 |
| | Total Current Assets, Loans and Advances | | 65218039.78 |